## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3599 17.12.2015-ലെ മറുപടിക്ക്**

## "നികുതി വെട്ടിച്ച് നിർമ്മാണ സാമഗ്രികൾ കടത്തുന്നത്"

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തോമസ് ഉണ്ണിയാടൻ | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | നിർമ്മാണ സാമഗ്രികൾ ഉൾപ്പെടെയുള്ള സാധനങ്ങൾ നികുതി വെട്ടിച്ച് സംസ്ഥാനത്തേക്ക് കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർമ്മാണ സാമഗ്രികൾ സ്വന്തം ആവശ്യങ്ങൾക്കായി സംസ്ഥാനത്തിനകത്ത് ഫാറം നമ്പർ 16 ഉപയോഗിച്ച് എത്തിച്ചതിനുശേഷം പുനർവിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് തടയുന്നതിന് ചില മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വാണിജ്യ നികുതി വകുപ്പ് നിരവധി സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ അവസാനം പുറപ്പെടുവിച്ച സർക്കുലർ 3/2015 പ്രകാരം 20,000/- രൂപയ്ക്ക് മുകളിൽ വിലമതിക്കുന്ന നിർമ്മാണസാമഗ്രികൾ ചെക്ക് പോസ്റ്റ് വഴി കൊണ്ടുവരുന്നതിന് ഓൺലൈനായി ഫാറം നം. 16, 8F എന്നിവ നിർബന്ധമായും ഫയൽ ചെയ്യേണ്ടതാണ്. മാത്രമല്ല 50,000/- രൂപയ്ക്ക് മുകളിലുള്ള സാമഗ്രികൾ കൊണ്ടുവരുന്നതിന് PAN Card നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ ഇത്തരത്തിൽ ഫയൽ ചെയ്യുന്ന ഫാറം 16 അതത് അധികാര പരിധിയിൽ വരുന്ന ഇൻസ്പെക്റ്റിംഗ് അസിസ്റ്റന്റ് കമ്മീഷണർ പരിശോധിച്ച് നിജസ്ഥിതി ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.<br>വ്യക്തികൾ ഫാറം 16 ഉപയോഗിച്ച് സാധനങ്ങൾ കൊണ്ടുവരുന്നത് തടയാൻ കഴിയില്ല. എന്നാൽ അവയുടെ ദുരുപയോഗം തടയുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | അത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം; | | |
| (സി) | ഇല്ലെങ്കിൽ നികുതി വെട്ടിച്ച് സാധനങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കടത്തുന്നത് തടയുന്നതിനും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ.